**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരി വിരുദ്ധ ക്യാംപസ് എന്ന പദ്ധതി ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കിവരുന്നുണ്ട്. സ്കൂൾ പി.ടി.എ പ്രസിഡന്റ് അദ്ധ്യക്ഷനായും ,പ്രധാനാദ്ധ്യാപകൻ കൺവീനറായും ജനജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പി.റ്റി.എ, മദർ പി.ടി.എ,ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ ,വിരമിച്ച അദ്ധ്യാപകർ, സ്ക്കുളിലെ അദ്ധ്യാപകർ, വിവിധജാതി മത രാഷ്ട്രീയ സംഘടനകളുടെ പ്രതിനിധികൾ, വ്യാപാരി വ്യവസായി<br><br>പ്രതിനിധികൾ, ഓട്ടോറിക്ഷ, ടാക്സി പ്രതിനിധികൾ, മറ്റ് അഭ്യുദയകാംക്ഷികൾരൂപം നൽകുന്ന ജന ജാഗ്രത സമിതികൾ തുടങ്ങിയവർ സ്ക്കൂൾതല പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. എല്ലാ അദ്ധ്യാപകരേയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസങ്ങളിൽ ബോധവൽക്കരണത്തിന്റെഭാഗമായി അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും കുട്ടികൾക്കുംബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചിട്ടുണ്ട്. ലഹരി പദാർത്ഥങ്ങൾ ക്ലാസ്സിനുള്ളിൽ എത്തുന്നില്ല എന്ന് ജനജാഗ്രത സമിതി ഉറപ്പുവരുത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ആഫീസുകളിലും സ്കൂളുകളിലും നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ സംബന്ധിച്ച് എല്ലാസ്ക്കുളുകൾക്കും സർക്കുലർ നൽകിയിട്ടുണ്ട് |
| (ബി) | വിദ്യാർത്ഥികളെ ലഹരി വില്പനയ്ക്കായി ദുരുപയോഗം ചെയ്യുന്നതും സ്കൂൾ പരിസരത്തെ ലഹരി വില്പനയും തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ | (ബി) | സ്ക്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട്വിവിധ പരിപാടികൾ സ്ക്കുളുകളിൽ നടപ്പിലാക്കുന്നുണ്ട്. സ്ക്കൂൾ വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | കൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും സ്കൂളുകളിൽ നടത്തേണ്ടലഹരി വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ചും സർക്കുലർ പുറപ്പെടുവിക്കുകയും<br><br>എല്ലാ സ്കൂളുകളിലും സർക്കുലർ നൽകുകയും ചെയ്തിട്ടുണ്ട്. ലഹരി മുക്തകേരളം എന്ന ലക്ഷ്യം സാക്ഷാത് കരിക്കുന്നതിനും, വിദ്യാർത്ഥികൾക്കിടയിലെ<br><br>ലഹരി ഉപയോഗം തടയുന്നതിനും. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തീവ്രയജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ<br><br>ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ഒന്നാംഘട്ട പരിപാടികൾ 2022ഒക്ടോബർ 6-ന് ആരംഭിക്കുകയും നവംബർ 1 ന് അവസാനിക്കുകയും ചെയ്തു.<br><br>എല്ലാ സ്കൂളുകളിലെയും 100 വാര ചുറ്റളവിൽ ലഹരി ഉത്പ്പന്നങ്ങൾ ,വിൽക്കുന്നില്ല എന്നും. കൈമാറ്റം ചെയ്യുന്നില്ല എന്നും ജനജാഗ്രതാ സമിതി ഉറപ്പാക്കുകയും ലഹരി മുക്ത പ്രദേശമാക്കി yellow line ക്യാമ്പയിൻ ശക്തിപ്പെടുത്താൻ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്തുള്ള ലഹരി വസ്തുക്കളെ സംബന്ധിച്ചുള്ള പരാതികളും. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും രഹസ്യമായി എക്സൈസ് വകുപ്പിനെ അറിയിക്കാൻ എല്ലാ സ്കൂൾ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂളിനുള്ളിലും പരിസരത്തും ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടാൻ സാധ്യതയുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവ ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ എല്ലാ സ്കൂൾ അധികൃതർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വ്യാജവാറ്റ്, ലഹരി വില്പന, ഉപയോഗം എന്നീ കുറ്റകൃത്യങ്ങളുടെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അധ്യാപകർക്കും സ്കൂൾ ജീവനക്കാർക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്കെ തിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | 4 പേർക്ക് എതിരെ പരാതി ലഭിക്കുകയും പ്രസ്തുത 4 പേർക്ക് എതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ